**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3329** **13-07-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണത്തിനായുള്ള സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണത്തിന്റെ ഭാഗമായി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള സർവ്വേ നടപടികൾക്കായി 04.06.2019-ൽ 6,70,000/- രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയെങ്കിലും പ്രസ്തുത സർവ്വേ ജോലികൾ പൂർത്തീകരിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ സർവ്വെ നടപടികൾക്കായി തൃശ്ശൂർ ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ നിന്നും 3 സർവ്വെയർമാരെ നിയോഗിച്ചിട്ടുള്ളതും, ചാവക്കാട് താലൂക്കിൽപ്പെടുന്ന എളവള്ളി, ബ്രഹ്മകുളം, കണ്ടാണശ്ശേരി എന്നീ വില്ലേജുകളിലൂടെയുള്ള പ്രസ്തുത തോടിന്റെ 8കി.മീ ദൂരം സർവ്വെ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത തോടിന്റെ എത്ര കിലോമീറ്റർ ദൂരം സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത തോടിന്റെ 8 കി.മീ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (സി) | ഇനിയെത്ര കിലോമീറ്റർ സർവ്വേ പൂർത്തീകരിക്കാനുണ്ട്; പ്രസ്തുത ജോലികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ? | (സി) | പ്രസ്തുത തോടിന്റെ ഇരുകരകളിലുമായി 22 (11 X 2)കി.മീ സർവ്വെ ചെയ്യേണ്ടതിൽ 8 കി.മീ സർവ്വെ പൂർത്തീകരിച്ചിട്ടുള്ളതും ബാക്കി 14 കി.മീ സർവ്വെ നടപടികൾ പൂർത്തീകരിക്കാനുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ